# ഒരു കോടി വായനക്കാർ അറിയാതെ പോയത്

എം.പി. സംയുക്ത


മാനസിക മാലിന്യത്തിൽ നിന്നും മോചനം വേണം

Established 1888

*മുഴുവൻ സാമൂഹ്യ അവസ്ഥകളും തടവറയാണെന്ന സത്യം മറച്ചുവെക്കലാണ് ജയിലുകളുടെ ധർമ്മം.*

*ജീൻ ബ്രോഡിയാർഡ്*

ജനാധിപത്യം, സത്യം, ധാർമ്മികത തുടങ്ങി സംസാര മണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്ന ചില കാര്യങ്ങളെക്കുറിച്ചുള്ള പര്യാലോചനകൾ ഇപ്പോൾ നടത്തേണ്ടതുണ്ട്. കാരണം. വ്യവസ്ഥ തന്നെ ഒരു ജയിലാണെന്ന് കാര്യം മറച്ചുവെക്കലാണ് യഥാർത്ഥ ജയിലിന്റെ കടമ, അല്ലെങ്കിൽ ഒരു ജയിലിന്റെ യഥാർത്ഥ കടമ. കേരളം അങ്ങനെയുള്ള ഒരു തടവറയാണ്. അഥവാ അനേകം ജയിലുകളുള്ള ഒരു ജയിലാണ്. മറച്ചു വെക്കലാണ് ഇവിടെ ചർച്ചാ വിഷയം. തടവറയുടെ, അധികാരത്തിന്റെ ചൂഷണത്തിന്റെ, കബളിപ്പിക്കലിന്റെ, സ്നേഹമില്ലായ്മയുടെ ഏറ്റവും ഫലപ്രദമായ ഉപകരണമാണ് മറച്ചുവെക്കൽ. പലതും നമ്മിൽ നിന്ന് മറച്ചുവെയ്ക്കപ്പെടുന്നതുകൊണ്ടാണ് നമ്മൾ അസ്വസ്ഥരാകാതെ ജീവിക്കുന്നത്, നമ്മളിൽ പലരും ആത്മഹത്യ ചെയ്യാത്തത്, നാം എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്നത്, കുറ്റബോധമില്ലാതെ ജീവിക്കുന്നത്. സത്യം മറച്ചുവെക്കൽ എന്നൊന്നില്ല. മറച്ചുവെക്കൽ മാത്രമേയുള്ളു. ചരിത്രത്തിലെ ഏറ്റവും വിദഗ്ധമായ ഒരു മറച്ചുവെക്കലിനെക്കുറിച്ചാണിനി പറയാനുള്ളത്.

"ഒരു കോടിയിലേറെ വായനക്കാർ ഇന്ന് മനോരമ വായിച്ചു, നിങ്ങളോ?" എന്ന പരസ്യ ഹോർഡിംഗ് ഈ പത്രം വായിച്ചിട്ടില്ലാത്ത ഒരാൾ ചെറിയൊരു കുറ്റബോധത്തോടെയാണ് വായിക്കുന്നത്. തന്റെ ജീവിതത്തിൽ എന്തിന്റെയോ ഒരു കുറവ് അപ്പോൾ അനുഭവിക്കാൻ തുടങ്ങുന്നു. അങ്ങനെ സ്വന്തം ജീവിതം പൂർണ്ണമാക്കാൻ വേണ്ടിയാണ് മലയാളിവായനക്കാരിൽ ഭൂരിപക്ഷവും മനോരമയെ തങ്ങളുടെ ദിനപത്രമായി തെരഞ്ഞെടുത്തത്. ഭൂരിപക്ഷം വിശ്വസിക്കുന്ന സത്യമാണ് ജനാധിപത്യത്തിലെ സത്യം. പ്ലാച്ചിമടയിൽ വിതരണം ചെയ്ത വളത്തിൽ വിഷമുണ്ടായിരുന്നു എന്നത് ഒരു വാർത്തയുടെ എല്ലാ നിർവചനങ്ങൾക്കകത്തും വരുന്ന ഒന്നായിരുന്നു. എന്നാൽ ഇത് മനോരമയുടെ വായനക്കാർ അറിയേണ്ട വാർത്തയല്ലെന്ന് പത്രം തീരുമാനിക്കുന്നു. ഞങ്ങൾ തെറ്റൊന്നും ചെയ്തിട്ടില്ല എന്ന കൊക്കക്കോള കമ്പനിയുടെ കുമ്പസാരം. മനോരമ പരസ്യമായും വാർത്തയായും നൽകി. **കൊക്കക്കോള സത്യമെന്ന് വിശ്വസിക്കുന്നത് കേരളീയരും വിശ്വസിക്കണം എന്ന് പത്രം തീരുമാനിച്ചതിൻ പ്രകാരമാണ് ഇതു സംഭവിച്ചത്. പരസ്യം കൊടുക്കുന്നതിലെ ധാർമ്മികതയല്ല ഇവിടെ പ്രശ്നം. എന്നാൽ പ്ലാച്ചിമടയിൽ സംഭവിക്കുന്നത് തങ്ങളുടെ വായനക്കാരിൽ നിന്ന് എന്തുകൊണ്ട് മറച്ചുപിടിച്ചു എന്നതാണ് പ്രധാനം.** ഒരു കോടി വായനക്കാരിൽ നിന്ന് ചില കാര്യങ്ങൾ മറച്ചുവെച്ചതുവഴി, ഒരു കോടി വായനക്കാർ പ്ലാച്ചിമടയിൽ ഒന്നും സംഭവിച്ചില്ല എന്ന് വിശ്വസിക്കുക വഴി, മനോരമ ചെയ്തത് ജനാധിപത്യത്തിന് പുതിയ നിർവ്വചനം നൽകുകയായിരുന്നു.

മലയാളിക്കും മനോരമയ്ക്കും ഒരു ഹൃദയവും ഒരു മാനസവുമാണെന്നാണല്ലോ തിരുവചനം. മലയാളിമനസ്സിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള അവസരങ്ങളൊന്നും തന്നെ സോദ്ദേശ്യ പത്രപ്രവർത്തനത്തിന്റെ നൂറ്റാണ്ട് നീണ്ട ചരിത്രത്തിലിന്നുവരെ മനോരമ ഒഴിവാക്കിയിട്ടുമില്ല. 2002 ജൂൺ 24 ന് പാലക്കാട് എഡിഷനിൽ 'നൈഷധൻ' എന്ന ചെല്ലപ്പേരിൽ പ്രസിദ്ധീകരിച്ച 'ചുരവും ചൂളവും' എന്ന പംക്തിയിലെ കുറിപ്പും ഈ സോദ്ദേശ്യ സാഹിത്യത്തിന് ഉദാരമായ ഉദാഹരണമാണ്. പരിസ്ഥിതി സംരക്ഷിക്കുക എന്നത് ആഗോള സന്മാർഗ്ഗപാഠത്തിന്റെ ഭാഗമായതുകൊണ്ട് അത വേണ്ടതു തന്നെ എന്നതിൽ സംശയമില്ല. മലിനവസ്തുക്കളിൽ നിന്നും ജനങ്ങൾക്ക് മോചനം വേണം എന്നതും ശരി തന്നെ. എന്നാൽ അതോടൊപ്പം അതിന്റെ പേരിൽ ചിലർ വമിപ്പിക്കുന്ന നുണകളിൽ നിന്നും ജനം മോചിപ്പിക്കപ്പെടണം. നുണ എന്നത് ഒരു

മാനസിക മാലിന്യമാണെന്ന് കാലം തെളിയിച്ചതാണ്." നൈഷധന് പറയാനുണ്ടായിരുന്നത് പ്ലാച്ചിമടയിലെ ജനങ്ങൾ കൊക്കക്കോള കമ്പനിക്കെതിരെ നടത്തുന്ന സമരത്തെക്കുറിച്ചായിരുന്നു. ഇന്നത്തെ ചിന്താവിഷയം മോഡൽ സന്മാർഗ്ഗപാഠത്തിന് ഇങ്ങനെയായിരുന്നു തലക്കെട്ട് "മാനസിക മാലിന്യത്തിൽ നിന്ന് മോചനം വേണം"

"കഞ്ചിക്കോട്ടെയും വാളയാറിലേയും നിരവധി ഫാക്ടറികൾ പരിസ്ഥിതി മലിനീകരണം വർഷങ്ങളായി നടത്തുവെന്ന് പരാതിയുണ്ട്. അതിൽ ആർക്കും എതിർപ്പില്ല." എന്തിന് കൊക്കക്കോളയ്ക്കെതിരെ മാത്രം സമരം എന്നാണ് നൈഷധന്റെ ചോദ്യം. കമ്പനി വെള്ളമൂറ്റുന്നു എന്ന് വിളിച്ചു പറയുന്നതും വിഷമൊഴുക്കുന്നുവെന്ന പ്രചരണവുമെല്ലാം "നുണ വമിപ്പിക്കലിന്റെ" ഭാഗമാണെന്നും പരിസ്ഥിതി മുദ്രാവാക്യങ്ങൾ റാഞ്ചിയെടുത്ത ചില സംഘടനകളാണ് ഇതിനു പിന്നിലെന്നും നൈഷധൻ തുടരുന്നു.

**"ധർമ്മ സമരമോഹികൾ" എന്ന് മനോരമ പരിഹസിച്ച പ്ലാച്ചിമടയിലെ ആദിവാസികളുടെ സമരം ഒരു വർഷം പിന്നിട്ട് അധികം കഴിയുന്നതിന് മുമ്പു തന്നെ കൊക്കക്കോള കമ്പനി വിൽപന നടത്തുന്ന വളത്തിൽ മാരകമായ വിഷാംശം കണ്ടെത്തിയ ബിബിസി യുടെ വെളിപ്പെടുത്തൽ നൈഷധനോ മനോരമയോ കണ്ടില്ല.** കേരളത്തിലെ മറ്റ് പ്രമുഖ പത്രങ്ങളെല്ലാം തന്നെ പ്രാധാന്യത്തോടെ നൽകിയ വാർത്ത കാണാതിരിക്കാൻ മാത്രം മെയ് വഴക്കവും ന്യൂസ് സെൻസും പ്രദർശിപ്പിക്കാൻ മനോരമയ്ക്കു കഴിഞ്ഞത് അസാമാന്യമായ സന്മാർഗ്ഗ ബോധം കൊണ്ടു തന്നെയായിരിക്കണം.

ബിബിസി സംഘം നടത്തിയ പഠന റിപ്പോർട്ട് പുറത്തുവന്നത് ജൂലൈ മാസം 28 തിങ്കളാഴ്ചയാണ്. നേരം വെളുത്തും ഇരുട്ടിയും പലതുതീർന്ന് സാധാരണഗതിയിൽ സംഭവം വാർത്തകളിൽ നിന്ന് മറയേണ്ട പാകം വന്നപ്പോൾ **ആഗസ്റ്റ് ഒന്നിന് കൊക്കക്കോള കമ്പനിയുടെ നിഷേധക്കുറിപ്പുമായി 'മലയാളിയുടെ സുപ്രഭാതം' വിരിഞ്ഞു. അത്ര തന്നെ. അപ്പോഴും ഫാക്ടറിയിലെ ഖരമാലിന്യങ്ങളിൽ വിഷാംശമുണ്ടെന്ന വാർത്ത കേരളത്തിലെ ഒരു കോടിയിലേറെ വായനക്കാരെ അറിയിക്കേണ്ടെന്നുതന്നെ മനോരമ ഉറച്ചു തീരുമാനിച്ചു. കൊക്കക്കോളക്കെതിരെ ഒന്നും എഴുതിയില്ലെന്നല്ല, അന്നത്തെ പത്രത്തിന്റെ പതിനൊന്നാം പേജിൽ എം.പി. വീരേന്ദ്രകുമാറിന്റേതായി വന്ന ഒരു പ്രസ്താവനയുടെ അവസാനത്തിൽ കൊക്കക്കോള കമ്പനിക്കെതിരായ ഒരു പരാമർശം ഒടിച്ചു നുറുക്കി കൊടുത്തിരുന്നു എന്ന് ഓർക്കുന്നു.**

കൊക്കക്കോളയും പെപ്സിയുമടക്കം കൃത്രിമ പാനീയങ്ങളിലെല്ലാം ഡിഡിറ്റി, മാലത്തയോൺ തുടങ്ങിയ മാരകമായ കീടനാശിനികൾ അനുവദനീയമായ അളവിലും കൂടുതലുണ്ടെന്ന സിഎസ്ഇ പഠനം ആഗസ്റ്റ് 6ന് ദേശീയത മാധ്യമങ്ങളെല്ലാം തന്നെ വൻ പ്രാധാന്യത്തോടെ നൽകിയിട്ടും മനോരമയിൽ ആ വാർത്ത വന്നത് ഒൻപതാം പേജിൽ താഴെ നാലു കോളം. അതും വളരെ സൂക്ഷ്മതയോടെ ഭാഷ വളച്ച് "ലഘു പാനീയത്തിൽ കീടനാശിനി സാന്നിദ്ധ്യമെന്ന് ആരോപണം. ശരിയല്ലെന്ന് കമ്പനികൾ" എന്ന തലക്കെട്ടിൽ വാർത്തയുടെ ബാലൻസ്' കാത്തു സൂക്ഷിക്കാനുള്ള പ്രത്യേക ശ്രദ്ധയോടെ. രണ്ടു ദിവസത്തിനു ശേഷം ഈ വാർത്തയുടെ ഫലം കണ്ടു. ആഗസ്റ്റ് എട്ടിന് പേജ് ഒൻപതിൽ നെടുങ്കൻ പരസ്യം. കൊക്ക




ക്കോള കമ്പനിയുടെ ചാരിത്ര്യ പ്രസംഗം. പിറ്റേന്ന് പതിനൊന്നാം പേജിൽ പെപ്സിയുടെയും.

പ്ലാച്ചിമട സമരത്തെ തുടക്കത്തിൽ അവഗണിക്കുകയും തുരങ്കം വെക്കുകയും ചെയ്ത മാധ്യമങ്ങളേയും സ്വതന്ത്ര പാർട്ടി ബുദ്ധിജീവികളേയും സംഘടനകളേയും വെറുതെ വിട്ടുകൊണ്ട് എന്തിന് മനോരമയെ മാത്രം ഉന്നം വെയ്ക്കണം? നൈഷധന്റെ യുക്തിപോലെ പാലക്കാട്ടു തന്നെ വിഷം വമിപ്പിക്കുന്ന ഒരുപാട് ഫാക്ടറികളുള്ളപ്പോൾ എന്തുകൊണ്ട് പ്ലാച്ചിമടയിൽ കൊക്കക്കോളക്കെതിരെ മാത്രം? മനോരമയെ മാത്രമെന്തിന് കുറ്റപ്പെടുത്തണം?

ലോകത്തിൽ ഏറ്റവുമധികം കുടിക്കപ്പെടുന്ന മൃദുപാനീയം(?) കൊക്കക്കോളയാണ്. കേരളത്തിലേറ്റവും കൂടുതൽ പേർ വായിക്കുന്ന ദിനപത്രം മനോരമയാണ്. **ഒരു കോടിയിലേറെ വായനക്കാർ ഇന്ന് മനോരമ വായിച്ചു നിങ്ങളോ എന്ന ചോദ്യം കേരളത്തിലെ നിരക്ഷരരും അന്ധരും മനോരമവിരോധികളും കുട്ടികളും (കേരള ജനസംഖ്യയിൽ മുപ്പത് ലക്ഷത്തിലധികവും ആറു വയസ്സിന് താഴെയുള്ളവരാണ്.) ഭ്രാന്തന്മാരും അടങ്ങുന്ന് ബാക്കി രണ്ടുകോടി പതിനെട്ടു ലക്ഷത്തിമുപ്പത്തിയെണ്ണായിരത്തി അറുനൂറ്റിപ്പതിനൊന്ന് (മനോരമ ഇയർബുക്ക്-2003 പ്രകാരം) മലയാളികളോട് ചോദിക്കാൻ കഴിയുന്ന അധികാര കേന്ദ്രമാണ് മനോരമ എന്നതുകൊണ്ടാണ് അതിനെ വിമർശിക്കേണ്ടി വരുന്നത്.** കേരളത്തിന്റെ അജണ്ട നിശ്ചയിക്കുന്നതിനായി പത്രം നടത്തുന്ന ശ്രമങ്ങൾ ഇതോട് ചേർത്ത് വായിക്കുമ്പോഴാണ് കൊക്കക്കോള വളത്തിലെ വിഷവസ്തുക്കളെയും കോളയിലെ തന്നെ രാസകീടനാശിനികളേയും കുറിച്ചുള്ള വാർത്തകൾ തമസ്കരിക്കുന്നതിലെ രാഷ്ട്രീയവും കച്ചവടവും വ്യക്തമാവുന്നത്. മനോരമ ഒരു വാർത്ത തമസ്കരിക്കുമ്പോൾ അത് നിഷേധിക്കുന്നത് കേരളത്തിലെ മൂന്നിലൊന്ന് ജനത്തിന്റെ അറിയാനുള്ള അവകാശത്തെയാണ്.

**തങ്ങൾക്ക് രുചിക്കുന്ന രീതിയിൽ ജനങ്ങളുടെ അഭിരുചിയെ മാറ്റിമറിക്കുന്ന പത്ര നീതിയാണ് മനോരമ കേരളത്തിന് സംഭാവന ചെയ്യുന്നത്. 'ജനങ്ങൾ ആവശ്യപ്പെടുന്നത് ഞങ്ങൾ നൽകുന്നു' ന്യായം പറഞ്ഞ് പത്രം കേരളത്തിൽ വിറ്റഴിച്ചത് അവരുടെ രാഷ്ട്രീയമായിരുന്നു. കേരളത്തിലെ സാമൂഹ്യജീവിതത്തിൽ ദൂരവ്യാപകമായി പ്രത്യാഘാതങ്ങളുണ്ടാക്കിയ പല മാറ്റങ്ങൾക്കും പിന്നിൽ മനോരമയുടെ അഭിപ്രായസ്വരൂപണമായിരുന്നു.** ബന്ദ് നിരോധിച്ചതുപോലെ, വിദ്യാർത്ഥികളുടെ രാഷ്ട്രീയം നിരോധിച്ചതുപോലെ, ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് പബ്ലിക്ക് റിലേഷൻസ് പിന്തുണ നൽകിയതുപോലെ, പി.ജി. യെ കുമ്പസാരിപ്പിച്ച് പ്രതിക്കൂട്ടിലാക്കിയതുപോലെ അവർ കോളയെന്ന 'മാറായെ മധുരമാക്കി തീർക്കുന്നു' ഇതെല്ലാം പറയുമ്പോഴും മലയാള മനോരമ എന്ന പത്രമല്ല പ്രശ്നം. പിന്നെയോ..... ഉപഭോക്താക്കളായിരുന്ന വായനക്കാർ, ഇരകളാക്കപ്പെടുന്നത്, ചതിക്കപ്പെടുന്നത് തന്നെയാണ് പ്രശ്നം. കോള കുടിക്കേണ്ടി വരുന്നതുപോലെ.

*(വർത്തമാനം ആഴ്ചപ്പതിപ്പ്)*